# എൻ.എസ്.എസ്. ബാലൻസ് ഷീറ്റ് പൊതുയോഗം - 2022

നായർ സർവീസ് സൊസൈറ്റിയുടെ 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2022 മാർച്ച് 31-ാം തീയതി വരെയുള്ള വരവുചെലവു കണക്കും, ഇൻകം & എക്സ്പെൻ്റീച്ചർ സ്റ്റേറ്റുമെൻ്റും, ബാക്കിപത്രവും പാസ്സാക്കുന്നതിനുള്ള ബാലൻസ് ഷീറ്റ് പൊതുയോഗം എൻ.എസ്.എസ്.പ്രസിഡൻ്റ് ഡോ. എം. ശശികുമാറിൻ്റെ അദ്ധ്യക്ഷതയിൽ 28.9.2022 ബുധനാഴ്ച രാവിലെ 11.30-ന് എൻ.എസ്.എസ്. ആസ്ഥാനത്തുള്ള പ്രതിനിധിസഭാമന്ദിരത്തിൽവച്ച് നടക്കുകയുണ്ടായി.

എൻ.എസ്.എസ്. പ്രസിഡൻ്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് സമ്മേളനം ആരംഭിച്ചത്.

ഈശ്വരപ്രാർത്ഥന, ആചാര്യാനുസ്മരണം, അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തൽ, സത്യപ്രതിജ്ഞ എന്നിവയ്ക്കു ശേഷം അദ്ധ്യക്ഷൻ്റെ പ്രസ്താവനയും റിപ്പോർട്ടവതരണവും നടന്നു. വരവുചെലവു കണക്ക്, ഇൻകം & എക്സ്പെൻ്റീച്ചർ സ്റ്റേറ്റുമെൻ്റ്, ബാക്കിപത്രം എന്നിവ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ ഒന്നും ആവശ്യമായി വന്നില്ല.

2022 മാർച്ച് 31-ാം തീയതിയിലെ 177,57,49,200 രൂപ സ്വത്തുവിവരം കാണിക്കുന്ന ബാക്കിപത്രവും 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2022 മാർച്ച് 31-ാം തീയതി വരെയുള്ള ഒരു വർഷത്തേക്ക് മുന്നിരിപ്പ് ഉൾപ്പെടെ 121,71,94,417 രൂപ മൊത്തം വരവും 96,14,16,837 രൂപ മൊത്തം ചെലവും 25,57,77,580 രൂപ നീക്കിയിരിപ്പും 14,74,46,938 രൂപ റവന്യൂമിച്ചവും കാണിക്കുന്ന ഇൻകം ആൻ്റ് എക്സ്പെൻ്റീച്ചർ സ്റ്റേറ്റ്മെൻ്റും റിപ്പോർട്ടും യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി. എൻ.എസ്.എസ്. ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ള അവതരിപ്പിച്ച ഓഡിറ്റേഴ്സ് റിപ്പോർട്ടും യോഗം അംഗീകരിച്ചു.

തുടർന്ന്, 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റുചെയ്യുന്നതിന് എൻ.എസ്.പണിക്കർ & കമ്പനിയെ ഓഡിറ്റർ ആയി നിയമിച്ചുകൊണ്ടും അവരുടെ പ്രതിഫലം നിശ്ചയിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

തുടർന്ന് അവതരിപ്പിച്ച അനുശോചന പ്രമേയം, പ്രസിഡൻ്റിൻ്റെ ഉപസംഹാരപ്രസംഗം, ജനറൽ സെക്രട്ടറിയുടെ കൃതജ്ഞത എന്നിവയ്ക്കുശേഷം ദേശീയഗാനത്തോടു കൂടിയാണ്, ക്രമപ്രകാരവും ചിട്ടയോടെയും സുഗമമായി നടന്ന സമ്മേളനം സമാപിച്ചത്.

മുന്നാക്കവിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സർക്കാരുകളുടെയും ചില ഉദ്യോഗസ്ഥരുടെയും നിലപാടുകൾക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടിവരുമെന്ന് ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ തൻ്റെ കൃതജ്ഞതാപ്രസംഗത്തിൽ പറഞ്ഞു. മുന്നാക്കവിഭാഗങ്ങൾ പാടേ തഴയപ്പെടുകയാണെന്നും, ഇത് നായർസമുദായത്തിൻ്റെയും മുന്നാക്കസമുദായങ്ങളിൽ ഉൾപ്പെടുന്ന 164 വിഭാഗങ്ങളുടെയും അവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. മുന്നാക്കവിഭാഗങ്ങൾക്കെതിരായി ഉദ്യോഗസ്ഥതലത്തിൽ ഉപജാപകവൃന്ദം പ്രവർത്തിക്കുന്നുണ്ടെന്നും മറ്റു വിഭാഗങ്ങൾക്ക് കയ്യയച്ച് ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് മുൻപു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ പോലും നിഷേധിക്കുകയാണെന്നും, സർക്കാരുകളോട് എൻ.എസ്.എസ്സിന് വിരോധമില്ലെങ്കിലും ഇത്തരം നയങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്നും ജനറൽ സെക്രട്ടറി പറയുകയുണ്ടായി.